**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.3290 14/07/2015 -ലെ മറുപടിക്ക്**

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ. ബി.ഡി.ദേവസ്സി** | **ശ്രീ. കെ.എം.മാണി**<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |

**ജില്ലാ ഇന്നവേഷൻ ഫണ്ട് സംബന്ധിച്ച്**

| *ചോദ്യം* | *ഉത്തരം* |
|---|---|
| (എ) ജില്ലാ ഇന്നവേഷൻ ഫണ്ട് എന്നപേരിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | **പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ** 19.3.2011-**ലെ സ.ഉ.(സാധാ)** 2054/11/RD. **എന്ന സർക്കാർ ഉത്തരവ് മുഖേന ജില്ലാ** ഇന്നവേഷൻ ഫണ്ട് **സർക്കാർ** നടപ്പാക്കിയിട്ടുണ്ട്.<br>1) **നിലവിലുള്ള ആസ്തികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.**<br>2) **ഫണ്ടിന്റെ അപര്യാപ്തമൂലം നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനത്തിലുള്ള പോരായ്മകൾ പരിഹരിക്കുക.**<br>3) **നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുക.**<br>4) **മറ്റ് യാതൊരു ധനസഹായവും ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾക്ക് അടിയന്തിര ധനസഹായം അനുവദിക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ്** ജില്ലാ ഇന്നവേഷൻ ഫണ്ട് **നടപ്പിലാക്കുന്നത്.** |
| (ബി) പ്രസ്തുത പദ്ധതിപ്രകാരം ഒരു കോടി രൂപയുടെ പദ്ധതി ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ടോ; | **മേൽ സർക്കാർ ഉത്തരവു പ്രകാരം 1 കോടി രൂപയുടെ പദ്ധതി ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) പ്രസ്തുത നിർദ്ദേശപ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരങ്ങളും ആദ്യഗഡുവായി കിട്ടിയ 50 ലക്ഷം രൂപയുടെ ഉപയോഗ സർട്ടിഫിക്കറ്റും ജില്ലാകളക്ടർമാർ നൽകിയിട്ടും ബാക്കി ഗഡുവായ 50 ലക്ഷം രൂപ ഇനിയും അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>03.3.2015-ലെ CSFC-A2/10/15/Fin **എന്ന കത്തിലൂടെ കേന്ദ്ര സർക്കാരിലേയ്ക്ക് ആദ്യ ഗഡുവായി അനുവദിച്ച 7 കോടി രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നു എങ്കിലും രണ്ടാം ഗഡുവായ 7 കോടി രൂപ അനുവദിക്കുന്നതിനു പകരം** 70.87 **ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളൂ. കേന്ദ്ര സർക്കാരിൽ നിന്നും കുടിശികയുള്ള തുക ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

Signature valid

Digitally signed by MANI
Date: 2015.07.13 16:06
PDT
Reason:

സെക്ഷൻ ഓഫീസർ